സർ നിർദ്ദേശം നൽകിയിരുന്നു. ക്ഷേമ പദ്ധതിയുടെ നടത്തിപ്പിൽ ആരെങ്കിലും വീഴ്ച വരുത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ആവശ്യമുള്ള പ്രദേശങ്ങളിൽ സൗജന്യ റേഷൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്.

20 (3149) തണ്ടാൻ സമുദായക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തണ്ടാൻ സമുദായക്കാർക്ക് 1993-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രപേർക്ക് സർട്ടിഫിക്കറ്റ് നൽകി;

(സി) തണ്ടാൻ സമുദായത്തെപ്പറ്റി അന്വേഷണത്തിന് കിർത്താഡ്സ് എത്ര തുക ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ;

(ഡി) തണ്ടാൻ സമുദായ പ്രശ്നത്തിൽ കോടതിച്ചെലവായി എത്ര സംഖ്യ ചെലവാക്കി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 67 പേർക്ക് പട്ടികജാതി (തണ്ടാൻ) സർട്ടിഫിക്കറ്റ് നൽകിയതായി സർക്കാരിനു റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) പ്രത്യേകമായി ഒന്നും ചെലവാക്കിയിട്ടില്ല.

(ഡി) തണ്ടാൻ കേസ്സുകൾ എന്ന പേരിൽ പ്രത്യേകമായി കേസ്സുകൾ നടത്തിയത് സുപ്രീം കോടതിയിൽ മാത്രമാണ്. സുപ്രീംകോടതിയിൽ അത്തരം കേസ്സുകൾക്കായി 53,982 രൂപ ചെലവായി.

21 (3150) യുവജനക്ഷേമ പ്രവർത്തനങ്ങൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പ് ഈ സാമ്പത്തികവർഷം എന്തെല്ലാം യുവജനക്ഷേമ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുവേണ്ടി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ദേശീയോദ്ഗ്രഥന ക്യാമ്പ്, യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രദർശനം, യുവജന തൊഴിൽ പരിശീലന പരിപാടികൾ, സാഹസിക പരിശീലന പരിപാടികൾ, കേരളോത്സവം എന്നിവയാണ് പ്രധാനമായും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരം പ്രവർത്തനങ്ങൾക്കായി 1.28 കോടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly